Deshabhimani 25.10.17

# കാട്ടാനകളുടെ സാന്നിധ്യം മുൻകൂട്ടി അറിയിക്കാൻ നൂതന സംവിധാനം

**തൃശൂർ >** വനാതിർത്തിയിലെ മനുഷ്യവാസകേന്ദ്രങ്ങളിലും മറ്റും കാട്ടാനകൾ എത്തുന്നത് നേരത്തേ അറിയാൻ സഹായിക്കുന്ന നൂതന സംവിധാനം. കാർഷിക സർവകലാശാല വനശാസ്ത്ര കോളേജിലെ ഡോ. എസ് ഗോപകുമാർ തൃക്കാക്കര മോഡൽ എൻജിനിയറിങ് കോളേജ്, മുണ്ടൂർ ഐആർടിസി എന്നിവയുടെ സഹായത്തോടെയാണ് ഈ സംവിധാനം വികസിപ്പിച്ചത്. ദേശീയ പാതകളിലുംമറ്റും കാട്ടാനകൾ എത്തുന്നത് അപകടങ്ങൾക്കും സംഘർഷങ്ങൾക്കും ഇടയാകാറുണ്ട് ഈ സംവിധാനമുപയോഗിച്ച് അഞ്ചു കിലോമീറ്റർവരെ ചുറ്റളവിൽ ആനയുടെ സാന്നിധ്യമുണ്ടെങ്കിൽ ബന്ധപ്പെട്ടവരെ അറിയിക്കാനാകും.തൃക്കാക്കര എൻജിനിയറിങ് കോളേജിലെ അധ്യാപകരായ എം പ്രദീപ്, ജഗതീഷ്കുമാർ, മുണ്ടൂർ ഐആർടിസി ഗവേഷകനായ ആർ സതീഷ് എന്നിവരാണ് സഹായികൾ.